Draft #14 of File AdAII/1/5038/2017 Approved by ASSISTANT REGISTRAR II (ADMIN) on 18-Sep-2021 02:45 PM - Page 1

**മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം**

**സംഗ്രഹം**

ജീവനക്കാര്യം :- കോവിഡ് 19 വൈറസ് വ്യാപനത്തിന്റെ പശ്ചാത്തലത്തിൽ സർവ്വകലാശാല പഠനവകുപ്പുകളിലെ ഒഴിവുള്ള അദ്ധ്യാപക തസ്തികളിലേക്ക് അഭിമുഖം നടത്തുന്നത് - അധിക നിർദ്ദേശങ്ങൾ -എം ജി സർവകലാശാല ആക്ട് 1985 അധ്യായം 3, വകുപ്പ് 10(17) പ്രകാരം വൈസ് ചാൻസലറുടെ ഉത്തരവ് സിൻഡിക്കേറ്റിലേക്ക് റിപ്പോർട്ട് ചെയ്തത് സംബന്ധിച്ച്.

---

**ഭരണ വിഭാഗം എ 2 സെക്ഷൻ**

നമ്പർ. 4766/AD A 2/2021/എം.ജി.യു പ്രിയദർശിനി ഹിൽസ്,തീയതി: 18.09.2021

---

*പരാമർശം:*-1. 24.07.2021 തീയതിയിലെ 3456/എ ഡി എ 2/2021/എം ജി യു നമ്പർ ഉത്തരവ്.

2. 29.07.2021 തീയതിയിലെ 3600/എ ഡി എ 2/2021/എം ജി യു നമ്പർ ഉത്തരവ്.

3. 02.09.2021 തീയതിയിൽ കൂടിയ സിൻഡിക്കേറ്റ് യോഗത്തിന്റെ മിനിറ്റ്സ് ഇനം നം. 17/21.04/Ad

AII/1/5038/2017.

**ഉത്തരവ്**

കോവിഡ് 19 വൈറസ് വ്യാപനത്തിന്റെ പശ്ചാത്തലത്തിൽ സർവ്വകലാശാല പഠനവകുപ്പുകളിലെ അദ്ധ്യാപക തസ്തികളിലേക്ക് വിജ്ഞാപനം ചെയ്തിട്ടുള്ള ഒഴിവുകളിലേക്ക് യോഗ്യരായ മുഴവൻ അപേക്ഷകരെയും ക്ഷണിക്കുന്നതിനും അഭിമുഖം ഓൺലൈൻ ആയി നടത്തുന്നതിനും 08.07.2021 -ൽ കൂടിയ സിൻഡിക്കേറ്റ് യോഗം തീരുമാനിക്കുകയും, ആയതു പ്രകാരം സർവ്വകലാശാല ഉത്തരവ് പരാമർശം(1) പ്രകാരം പുറപ്പെടുവിക്കുകയും ചെയ്തു. എന്നാൽ നിലവിലെ കോവിഡ് 19 വ്യാപനം നിയന്ത്രണ വിധേയമാവുകയും ഓഫ്‌ലൈൻ അഭിമുഖത്തിനുള്ള സാഹചര്യം സംജാതമാവുകയും ചെയ്യുന്ന സാധ്യത പരിഗണിച്ച് സർവ്വകലാശാല പഠനവകുപ്പുകളിലെ അദ്ധ്യാപക തസ്തികളിലെ വിജ്ഞാപനം ചെയ്തിട്ടുള്ള ഒഴിവുകളിലേക്ക് നടത്തുന്ന അഭിമുഖം ആവശ്യമുള്ള പക്ഷം ഓൺലൈനായി നടത്തുന്നതിനു മഹാത്മാഗാന്ധി സർവ്വകലാശാല ആക്ട് 1985 അധ്യായം 3, വകുപ്പ് 10, ഉപവകുപ്പ 17 പ്രകാരം നിക്ഷിപ്തമായ അധികാരം ഉപയോഗിച്ച് പരാമർശം(2) പ്രകാരം വൈസ് ചാൻസലർ ഉത്തരവാകുകയും, പരാമർശം (2) പ്രകാരം ആയതിന്റെ സർവ്വകലാശാല ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

മഹാത്മാഗാന്ധി സർവ്വകലാശാല ആക്ട് 1985 അധ്യായം 3, വകുപ്പ് 10, ഉപവകുപ്പ 17 പ്രകാരം നിക്ഷിപ്തമായ അധികാരം ഉപയോഗിച്ച് വൈസ്ചാൻസലർ കൈക്കൊണ്ട നടപടിയും, തദനുസരണം പരാമർശം (2) പ്രകാരം സർവ്വകലാശാല ഉത്തരവ് പുറപ്പെടുവിച്ചതും സിൻഡിക്കേറ്റിൽ റിപ്പോർട്ട് ചെയ്യുകയുണ്ടായി. തുടർന്ന് പരാമർശം(3) പ്രകാരം സിൻഡിക്കേറ്റ് എടുത്ത തീരുമാനം ചുവടെ ചേർക്കുന്നു.

*"കോവിഡ് 19 വ്യാപനം നിയന്ത്രണ വിധേയമാവുകയും ഓഫ്‌ലൈൻ അഭിമുഖത്തിനുള്ള സാഹചര്യം സംജാതമാവുകയും ചെയ്യുന്ന സാധ്യത പരിഗണിച്ച് സർവ്വകലാശാല പഠനവകുപ്പുകളിലെ അദ്ധ്യാപക തസ്തികളിലെ വിജ്ഞാപനം ചെയ്തിട്ടുള്ള ഒഴിവുകളിലേക്ക് നടത്തുന്ന അഭിമുഖം ആവശ്യമുള്ള പക്ഷം ഓൺലൈനായി നടത്തുന്നതിനു മഹാത്മാഗാന്ധി സർവ്വകലാശാല ആക്ട് 1985 അധ്യായം III, സെക്ഷൻ 10(17) പ്രകാരം വൈസ് ചാൻസലർ കൈകൊണ്ട നടപടിയും തദനുസരണം 29.07.2021-ൽ പുറപ്പെടുവിച്ച 3600/ADA2/2021/എം.ജി.യു. നമ്പർ സർവകലാശാല ഉത്തരവും സിൻഡിക്കേറ്റ്‌യോഗത്തിൽ റിപ്പോർട്ട്‌ചെയ്തു."*

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

ബിജു എം എസ്

അസിസ്റ്റന്റ് രജിസ്ട്രാർ 2 (ഭരണ വിഭാഗം)

പകർപ്പ്

1. ബന്ധപ്പെട്ട ഡീൻമാർ/ വകുപ്പ് മേധാവികൾ
2. വൈസ് ചാസലർ / പ്രൊ വൈസ് ചാസലർ എന്നിവരുടെ പി. എസ് -മാർ
3. രജിസ്ട്രാർ / ഫിനാൻസ് ഓഫീസർ എന്നിവരുടെ പി. എ- മാർ
4. CITAD/ IQAC/ CONTENT MANAGEMENT
5. റെക്കോർഡ്സ് സെക്ഷൻ
6. സ്റ്റോക്ക് ഫയൽ/ ഫയൽ കോപ്പി

Draft #14 of File AdAII/1/5038/2017 Approved by ASSISTANT REGISTRAR II (ADMIN) on 18-Sep-2021 02:45 PM - Page 2

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം